പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 591 — 28/9/2016 ൽ മറുപടിക്ക്

## ബ്രൂസെല്ലോസിസ് രോഗം

ചോദ്യം — മറുപടി

ശ്രീ. **എൻ.എ നെല്ലിക്കുന്ന്:**

**അഡ്വ .കെ.രാജു**
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കാലികളെ ബാധിക്കുന്ന ബ്രൂസെല്ലോസിസ് രോഗം സംസ്ഥാനത്ത് എവിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയാണ് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ; | എ) | വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള തിരുവാഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിലെ കാലികളിൽ ബ്രൂസെല്ലോസിസ് സ്ഥിരീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത രോഗത്തിന് എന്ത് ചികിത്സയാണ് സംസ്ഥാനത്ത് ലഭ്യമായിട്ടുള്ളത്; ഈ രോഗം മനുഷ്യരിലേക്ക് പകരുന്നതാണോ ; എങ്കിൽ ജനങ്ങളിൽ ബോധവൽക്കരണം ഉണ്ടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) | രോഗബാധിതമായ കന്നുകാലികളെ ദയാവധത്തിന് വിധേയമാക്കുകയാണ് ചെയ്യുന്നത്. മൃഗങ്ങളിൽ ചികിത്സ ഫലപ്രദമല്ലാത്തതിനാൽ രോഗം സ്ഥിരീകരിച്ചാൽ മൃഗങ്ങളെ ഉന്മൂലനം ചെയ്യുവാനാണ് നിർദ്ദേശിക്കാറുള്ളത്.<br>ഈ രോഗം മനുഷ്യരിലേക്ക് പകരാൻ സാദ്ധ്യത ഉണ്ട്.<br>ബോധവൽക്കരണത്തിനായി ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. എല്ലാ വെറ്ററിനറി ഡോക്ടർമാർക്കും, പാരാസ്റ്റാഫിനും, ലാബ് ടെക്നീഷ്യൻമാർക്കും , കർഷകർക്കും എല്ലാ വർഷവും ബോധവത്ക്കരണ ക്ലാസുകൾ നടത്താറുണ്ട്. ആരോഗ്യ വകുപ്പും, ജില്ലാ ഭരണകൂടവും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി ബോധവൽക്കരണ ക്ലാസ്സും , സ്ക്രീനിംഗ് ക്യാമ്പുകളും നടത്തി പാലും പാലുല്പന്നങ്ങളും ശരിയായ രീതിയിൽ അണുവിമുക്തമാക്കി ഉപയോഗിക്കാൻ അവബോധം നൽകിയിട്ടുണ്ട്. രോഗം ബാധിച്ചു എന്നു സംശയിച്ച ഉരുക്കളെ മാറ്റി പാർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് ഇതുവരെ എത്രപേരെ ബ്രൂസെല്ലോസിസ് രോഗം ബാധിച്ചിട്ടുണ്ട്; എവിടെയാണ് ഇവർ ചികിത്സ തേടിയത്; ഇവർക്ക നൽകിയ മരുന്നുകൾ എന്തായിരുന്നു ? | സി) | 2014 മുതൽ സംസ്ഥാനത്ത് ഇതുവരെ 7 പേർക്ക് ബ്രൂസെലോസിസ് രോഗം സ്ഥിരീകരിച്ചു. 2014 ൽ മലപ്പുറത്ത് നിന്നും രോഗം സറിരീകരിച്ച വ്യക്തി മൗലാനാ ആശുപത്രി പെരിന്തൽമണ്ണയിലും, 2016 -ൽ പാലക്കാട് നിന്നുള്ള 2 വ്യക്തികൾ ജൂബിലി മിഷൻ തൃശ്ശൂരിലും , ഒരാൾ തൃശ്ശൂർ മെഡിക്കൽ കോളേജിലും, ഒരാൾ മഞ്ചേരി മെഡിക്കൽ കോളേജിലും മിലാന ആശുപത്രിയിലുമായി ചികിത്സ തേടി. 2016 -ൽ രണ്ട് പേർ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ രോഗത്തിന് ചികിത്സ തേടി.<br>RIFAMPICIN, STREPTOMYCIN, DOXYCYCLIN, CEFTRIAXONE എന്നീ ആന്റിബയോട്ടിക് മരുന്നുകളാണ് ഈ രോഗത്തിന്റെ ചികിത്സയ്ക്കായി ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ